**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1557 — 18.06.2012 ൽ മറുപടിയ്ക്ക്

## കാലാവസ്ഥാ പഠനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സാജു പോൾ | | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | കാലാവസ്ഥാ വ്യതിയാനത്തിന്റെ വിവിധ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | കാലാവസ്ഥാ പഠനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | (ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾക്ക് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ധനസഹായം നൽകുന്നുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട അഞ്ച് വിവിധ ശാസ്ത്രീയ വിഷയങ്ങളിൽ ഭൗമശാസ്ത്ര കേന്ദ്രം (CESS) പഠനം നടത്തി വരുന്നു. കൂടാതെ ഇക്കാര്യത്തിൽ യുവതലമുറയുടെ ശ്രദ്ധ കൂടുതൽ പതിപ്പിക്കാനായി കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സ്റ്റുഡന്റ് പ്രോജക്ടുകൾക്കും ധനസഹായം നൽകുന്നുണ്ട്. |
| (സി) | ദേശീയ അന്തർദ്ദേശീയ ഏജൻസികളുടെ സഹായം ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കുമോ; | (സി) സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കൊച്ചിയിലെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല മുഖേനയും ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ ആഭിമുഖ്യത്തിൽ C-MMACS എന്ന സ്ഥാപനം മുഖേനയും കേരളത്തിലെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഗവേഷണ പഠനങ്ങൾ നടത്തി വരികയാണ്. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിലേയ്ക്ക് കേന്ദ്ര സർക്കാർ മുഖേന UNDP യുടെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കണക്കാക്കാനും ഒഴിവാക്കാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഡി) | കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടാനുള്ള സമഗ്ര പദ്ധതിയുമായി ബന്ധപ്പെട്ട കർമ്മ പദ്ധതി (Action Plan) രൂപീകരണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. |
| (ഇ) | സ്ക്കൂൾതല പാഠ്യപദ്ധതിയിൽ കാലാവസ്ഥാ പഠന-നിരീക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുമോ; | (ഇ) | പാരിസ്ഥിതിക വിഷയങ്ങൾ നിലവിൽ പാഠ്യ പദ്ധതിയുടെ ഭാഗമാണ്. പരിസ്ഥിതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികളിൽ ഇത്തരം പ്രവർത്തനങ്ങൾ ഉൾപ്പെടുത്താവുന്നതുമാണ്. |
| (എഫ്) | ഗ്രാമസഭകൾ പ്രത്യേകമായി ചേർന്ന് കാലാവസ്ഥാ പ്രശ്നങ്ങൾ ചർച്ച ചെയ്യുമോ; | (എഫ്) | ' പരിസ്ഥിതി വിജ്ഞാനം ഗ്രാമങ്ങളിലേക്ക് ' എന്ന സന്ദേശവുമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന " ഹരിതസ്പർശം " പരിപാടിയിൽ ഈ വിഷയം ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ജി) | സന്നദ്ധ സംഘടനകൾ വഴി ബോധവൽക്കര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ എന്ന് വിശദമാക്കുമോ ? | (ജി) | സന്നദ്ധ സംഘടനകൾ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ ഒട്ടനേകം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ